File No.DGE/10757/2020-R1

6529
B1-6472/20

"ഭരണഭാഷ - മാതൃഭാഷ"

നം:ആർ 1/10757/2020/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 27/11/2020

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം-ശമ്പള നിർണയവും ഗ്രേഡ് പ്രമോഷനുകളും സമയബന്ധിതമായി അനുവദിക്കുന്നത്- സംബന്ധിച്ച്

സൂചന :- 1. പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിന്റെ 09-11-2020 ലെ ജെ 3/159/2020 പ്രകാരമുള്ള നിർദ്ദേശങ്ങൾ

******************

സൂചനയിലെ സർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ വിവിധ വിദ്യാഭ്യാസ ആഫീസുകളിൽ പ്രത്യേകിച്ച് ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസുകളിൽ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും ശമ്പള നിർണയവും ഗ്രേഡ് പ്രമോഷനുകളും അനുവദിച്ചു നൽകുന്നതിൽ വലിയ കാലതാമസം ഉണ്ടാകുന്നു എന്ന പരാതികൾ ശക്തമാണ് സേവനവേതന സംബന്ധമായ ഇത്തരം ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തുന്നത് ഒട്ടും ആശാസ്യമായ പ്രവണതയല്ല തദ്ദേശ സ്വയം ഭരണ തെരഞ്ഞെടുപ്പിൽ റിട്ടേണിംഗ് ഓഫീസർമാരാണ് പലരും എന്നത് കൂടി പരിഗണിച്ച് ആയതിനു ശേഷം 2021 ജനുവരി 15 നുള്ളിൽ ശമ്പള നിർണയവും ഗ്രേഡ് പ്രമോഷനുകളും അനുവദിച്ചു നൽകുന്നത് സംബന്ധിച്ച വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കേണ്ടത് അനിവാര്യമാണ്.

മേൽ പറഞ്ഞ സാഹചര്യം കണക്കിലെടുത്ത് 2020 ഒക്ടോബർ 31 വരെ ഗ്രേഡ്/ശമ്പള നിർണയം എന്നിവക്ക് അർഹമാകുന്ന അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസുകളിൽ സമർപ്പിക്കാൻ പ്രധമാദ്ധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതാണ് . കൂടാതെ അവയിൽ സർവീസ് വെരിഫിക്കേഷൻ ഉൾപ്പടെ ഉള്ള കാര്യങ്ങൾ പൂർത്തിയാക്കി 2021 ജനുവരി മാസം 31 ആം തീയതിക്കകം മുഴുവൻ അപേക്ഷകളിലും തീർപ്പുകൽപ്പിക്കേണ്ടതുമാണ്. മാത്രമല്ല ഇക്കാര്യത്തിലുള്ള പുരോഗതി റിപ്പോർട്ട് വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ വാങ്ങി ക്രോഡീകരിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി വിശദമായ റിപ്പോട്ട് സഹിതം ഈ കാ ര്യലയത്തിലേക്ക് ലഭ്യമാക്കേണ്ടതുമാണ്

Signature valid

വിശ്വസ്തതയോടെ,
SENIOR FINANCE OFFICER AND ACCOUNTS OFFICER
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്

വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ മുഖേന
എല്ലാ ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

[handwritten endorsement, partly illegible] നം. B1-6472/20 dt 1/12/20 ... 2020 ഒക്ടോബർ 31 വരെ ... രണ്ടു ദിവസത്തിനകം ... അറിയിക്കേണ്ടതാണ്.

DDE ... 1/12/20